**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2450** **12-02-2024 - ൽ മറുപടിയ്ക്ക്**

**കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൊച്ചിൻ നഗരസഭയുടെ കീഴിലുള്ള കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | റോഡിൻറെ നവീകരണത്തിനായി 30 കോടി രൂപ, ബജറ്റ് എസ്റ്റിമേറ്റ് മരാമത്ത് പ്രവൃത്തികൾ ക്രമനമ്പർ 1659 പ്രകാരം, വകയിരുത്തുകയും പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയാറാക്കുന്നതിന് അംഗീകൃത ഏജൻസികളിൽനിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുള്ളതും തുടർനടപടികൾ പുരോഗമിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ വികസനത്തിനായി എത്ര കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | 30 കോടി രൂപ |
| (സി) | പ്രസ്തുത റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ ഇരുവശവും ഉള്ള ഭൂമിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ക്രയവിക്രയങ്ങളും കഴിഞ്ഞ 30 വർഷത്തോളമായി മരവിപ്പിച്ചിരിക്കുകയാണ് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല.<br>കെ.പി.വള്ളോൻ റോഡ് ഡി.ടി.പി. സ്കീം പ്രകാരം 15 മീറ്റർ വൈഡനിങ് പ്രൊപ്പോസലാണ് ഉള്ളത് ആയതിനാൽ പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ റോഡിന് ഇരുവശങ്ങളിലും ആവശ്യമായ വീതിയിൽ സ്ഥലം ഒഴിച്ചിടണമെന്ന് അനുശാസിക്കാറുണ്ട്. |
| (ഡി) | ഇങ്ങനെ മരവിപ്പിച്ചത് മൂലം പ്രസ്തുത പ്രദേശത്ത് ജനങ്ങൾക്ക് വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെയും വിവാഹമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് വസ്തുവകകൾ ക്രയവിക്രയം ചെയ്യാൻ സാധിക്കാതെയും ബുദ്ധിമുട്ടുന്നതിനാൽ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | റോഡ് വികസനത്തിന് അനുവദിച്ചിട്ടുള്ള 30 കോടി രൂപയിൽ 18 കോടി രൂപ വീതി കൂട്ടുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും വകയിരുത്തിയിട്ടുള്ളതാണ് |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2450 12.02.2024-ൽ മറുപടിയ്ക്ക്

# കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസനം

| ചോദ്യം<br>**ശ്രീമതി ഉമ തോമസ്** | | മറുപടി<br>**എം.ബി.രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൊച്ചിൻ നഗരസഭയുടെ കീഴിലുള്ള കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | റോഡിന്റെ നവീകരണത്തിനായി<br>30 കോടി രൂപ, ബഡ്ജറ്റ് എസ്റ്റിമേറ്റ് മരാമത്ത് പ്രവൃത്തികൾ ക്രമനമ്പർ<br>1659 പ്രകാരം, വകയിരുത്തുകയും പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയാറാക്കുന്നതിന് അംഗീകൃത ഏജൻസികളിൽനിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുള്ളതും തുടർനടപടികൾ പുരോഗമിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ വികസനത്തിനായി എത്ര കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | 30 കോടി രൂപ. |
| (സി) | പ്രസ്തുത റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ ഇരുവശവും ഉള്ള ഭൂമിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ക്രയവിക്രയങ്ങളും കഴിഞ്ഞ 30 വർഷത്തോളമായി മരവിപ്പിച്ചിരിക്കുകയാണ് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല.<br>കെ.പി.വള്ളോൻ റോഡ് ഡി.ടി.പി.<br>സ്കീം പ്രകാരം 15 മീറ്റർ വൈഡനിങ് പ്രൊപ്പോസലാണ് ഉള്ളത് ആയതിനാൽ പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നല്കുമ്പോൾ റോഡിന് ഇരുവശങ്ങളിലും ആവശ്യമായ വീതിയിൽ സ്ഥലം ഒഴിച്ചിടണമെന്ന് അനുശാസിക്കാറുണ്ട്. |
| (ഡി) | ഇങ്ങനെ മരവിപ്പിച്ചത് മൂലം പ്രസ്തുത പ്രദേശത്ത് ജനങ്ങൾക്ക് വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെയും വിവാഹമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് വസ്തുവകകൾ ക്രയവിക്രയം ചെയ്യാൻ സാധിക്കാതെയും ബുദ്ധിമുട്ടുന്നതിനാൽ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് വസ്തു ഉടമകൾക്ക് നഷ്ടപ | (ഡി) | റോഡ് വികസനത്തിന് അനുവദിച്ചിട്ടുള്ള 30 കോടി രൂപയിൽ 18 കോടി രൂപ വീതി കൂട്ടുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും വകയിരുത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | രിഹാരം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | | |

**M B RAJESH**
**MINISTER**